STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.48/PR/SPMC/PHQ/2024 Date: 02.08.2024

## മാവോയിസ്റ്റ് നേതാവ് സി പി മൊയ്തീൻ ആലപ്പുഴയിൽ പിടിയിലായി; അറസ്റ്റ് ചെയ്തത് ആന്റി ടെററിസ്റ്റ് സ്ക്വാഡ്

സിപിഐ (മാവോയിസ്റ്റ്) പശ്ചിമഘട്ട പ്രത്യേക മേഖല കമ്മിറ്റി അംഗം മലപ്പുറം പാണ്ടിക്കാട് വളരാട് ചെറുകപ്പള്ളി വീട്ടിൽ സി പി മൊയ്തീനെ (49 വയസ്സ് ) കേരള പോലീസിന്റെ ആന്റി ടെററിസ്റ്റ് സ്ക്വാഡ് ആലപ്പുഴ ജില്ലയിലെ മാരാരിക്കുളത്തുവച്ച് അറസ്റ്റ് ചെയ്തു.

കൊല്ലത്തുനിന്ന് തൃശ്ശൂരിലേയ്ക്ക് കെഎസ്ആർടിസി ബസ്സിൽ യാത്ര ചെയ്യുന്നുണ്ടെന്നു ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ആലപ്പുഴയിൽ വച്ച് ഇയാളെ അറസ്റ്റ് ചെയ്തത്. നക്സൽബാരി പ്രവർത്തനങ്ങൾക്കിടയിൽ സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനിടെ ഇയാളുടെ വലതു കൈപ്പത്തി നഷ്ടപ്പെട്ടിരുന്നു. നിലവിൽ കേരളത്തിന്റെ ചുമതലയുള്ള മാവോയിസ്റ്റ് നേതാവാണ് മൊയ്തീൻ.

കണ്ണൂർ ജില്ലയിലെ അമ്പായത്തോട് ജംഗ്ഷനിൽ മൊയ്തീൻ ഉൾപ്പെടെ നാലു പ്രതികൾ തോക്കുമായി വന്ന് നിരോധിത സംഘടനയുടെ പ്രവർത്തനം നടത്തിയ കേസിലാണ് അറസ്റ്റ്.

2014 മുതൽ വിവിധ കേസുകളിൽപെട്ട് ഒളിവിലായ ഇയാൾ നിലവിൽ 36 കേസുകളിൽ പ്രതിയാണ്. 2019ൽ വൈത്തിരിയിൽ വച്ച് പോലീസുമായുള്ള ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട സിപിഐ (മാവോയിസ്റ്റ്) നേതാവ് സി പി ജലീലിന്റെ സഹോദരനാണ് ഇയാൾ. ഇയാളുടെ മറ്റ് സഹോദരങ്ങളായ സിപി റഷീദും സിപി ഇസ്മയിലും മാവോയിസ്റ്റ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേസുകളിലെ പ്രതികളാണ്.

************************